മദ്റസാ വിദ്യാഭ്യാസം - ചർച്ച

# ഇസ്‌ലാമിക പ്രസ്ഥാനവും മദ്റസകളും

● റസിയ ചാലക്കൽ

**പരമ്പരാഗത** മദ്റസാ സംവിധാനത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സമുദായത്തിലെ ബുദ്ധിജീവികൾക്കിടയിൽ ചൂടുപിടിച്ച ചർച്ച നടക്കുകയാണ്. മദ്റസാധ്യാപന രംഗത്ത് ശാസ്ത്രീയ മനഃശാസ്ത്ര സമീപനത്തിന്റെ അഭാവവും തഖ്‌വയും ഈമാനുമുള്ള ഒരു സമൂഹസൃഷ്ടി സാധ്യമാവുന്നില്ല എന്നതും വലിയ പോരായ്മയായി അവശേഷിക്കുന്നു.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കേരളത്തിൽ വേരുപിടിക്കുന്നതിൽ അനിഷേധ്യമായ പങ്ക് അക്കാലത്ത് പ്രസ്ഥാനം പരിചയപ്പെടുത്തിയ മദ്റസാ സംവിധാനത്തിനുണ്ടായിരുന്നു.പ്രസ്ഥാനത്തിന്റെ മദ്റസാ ക്ലാസുകളും നൂതന അധ്യാപന രീതിയും പരമ്പരാഗത യാഥാസ്ഥിതിക വിഭാഗങ്ങളെ തെല്ലൊന്നുമല്ല ചൊടിപ്പിച്ചത്. അറബി മലയാളത്തിൽ കുറേ കാര്യങ്ങൾ ചൊല്ലിപ്പഠിച്ച് 'ഓതിത്തികഞ്ഞ' സംതൃപ്തിയോടെ 10–12 വയസ്സിൽ മദ്റസയോട് സലാം പറഞ്ഞ് പിരിയുമ്പോൾ ഉണ്ടാകുന്ന അഭിമാനബോധത്തിന്റെ കടയ്ക്കൽ കത്തിവെക്കുകയായിരുന്നു, മദ്റസാ പഠനം ഇങ്ങനെയായാൽ പോരാ എന്ന് ഇസ്‌ലാമിക പ്രസ്ഥാനം തുറന്നടിച്ചപ്പോൾ.

മനസ്സിലാകുന്ന ഭാഷയിൽ ഖുർആന്റെ അർഥവും വ്യാഖ്യാനവും ഹദീസ് ചരിത്ര പഠനവുമൊക്കെ നടത്തുന്ന 'പുത്തൻ' മദ്റസാ സംവിധാനത്തെ നഖശിഖാന്തം എതിർത്തു അന്നത്തെ യാഥാസ്ഥിതിക വിഭാഗം. ഖുർആൻ അർഥ സഹിതം ബോർഡിലെഴുതിയാൽ അത് മായ്ക്കുമ്പോൾ താഴെ വീഴുന്ന ചോക്കുപൊടി ചവിട്ടുന്നതിനേക്കാൾ വലിയ പാപം മറ്റെന്തുണ്ട് എന്നു തുടങ്ങി തർക്കങ്ങളും സംശയങ്ങളും ജനിപ്പിച്ച് ഖുർആൻ ഓതിപ്പഠിച്ചാൽ മതി എന്ന് സ്ഥാപിക്കാൻ അവർ നടത്തിയ ശ്രമങ്ങൾ ചെറുതൊന്നുമല്ല.

ഇത്തരം തർക്കവിതർക്കങ്ങൾക്കു നടുവിൽ ആർജവത്തോടെ പിടിച്ചുനിന്നു ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മദ്റസകൾ. പുരാതന ജാഹിലിയ്യത്തിന്റെയും മാമൂലുകളുടെയും അർഥശൂന്യത തുറന്നു കാണിച്ചുകൊണ്ട് ഖുർആൻ-ഹദീസ് ഗ്രന്ഥങ്ങളിലൂടെ നടത്തിയ പഠന പ്രയാണങ്ങൾ അന്നത്തെ തലമുറയിലുണ്ടാക്കിയ പരിവർത്തനം ചെറുതല്ല. പെൺകുട്ടികൾ മുഖമക്കന ശീലമാക്കിയതും പരസ്പരം സലാം ചൊല്ലാൻ പഠിച്ചതും തറാവീഹ്, ജുമുഅ, പെരുന്നാൾ നമസ്കാരങ്ങളിൽ പെൺകുട്ടികളുടെ സാന്നിധ്യം അറിയിക്കപ്പെട്ടതും പ്രസ്തുത മദ്റസാ പ്രസ്ഥാന പ്രവർത്തനങ്ങളിലൂടെയായിരുന്നു. പ്രത്യേക ബോർഡിനു കീഴിലല്ലാതെ, ഏകീകൃത സിലബസോ പരീക്ഷാ സംവിധാനമോ ഇല്ലാതെ, അറബി ഭാഷാ വ്യാകരണവും ഖുർആൻ-ഹദീസ് പഠനവും നടന്നിരുന്ന ആ മദ്റസാ ക്ലാസുകൾ സമൂഹത്തിൽ വിപ്ലവകരമായ ഉയിർത്തെഴുന്നേൽപുതന്നെയാണ് വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ചത്.

ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകൾ മാത്രമുണ്ടായിരുന്ന അക്കാലത്ത്, സ്കൂൾ പഠനം കഴിഞ്ഞ് മദ്റസാ പഠനത്തിന് ലഭിക്കുന്ന സമയം ധാരാളമായിരുന്നു. സ്കൂൾ പഠനഭാരം കുറവായിരുന്നതുകൊണ്ട് രാവിലത്തെ സമയത്തിനു പുറമെ മഗ്‌രിബിനു ശേഷവും, ശനി, ഞായർ ദിവസങ്ങളിലും സ്കൂൾ വിഷയങ്ങളെക്കാൾ പ്രാധാന്യത്തോടെ മദ്റസാക്ലാസുകൾ നടന്നിരുന്നു. ഞായറാഴ്ചകളിൽ ചിട്ടയായി നടന്നിരുന്ന സാഹിത്യ സമാജങ്ങളിലൂടെ വളർന്നുവന്ന പ്രസംഗകരും എഴുത്തുകാരും അനവധിയാണ്.

മദ്റസകൾക്ക് സമാന്തരമായി പിറവിയെടുത്ത അറബിക് കോളേജുകളിൽ നിന്ന് ഫൈനൽ പാസായി ഇറങ്ങിയ പെൺകുട്ടികൾ മദ്റസാധ്യാപകരായി കടന്നുവന്നപ്പോഴും യാഥാസ്ഥിതികർ ഫത്‌വയിറക്കി. 'പെണ്ണുങ്ങൾ ഖുർആൻ പഠിപ്പിക്കുന്നത് ഹറാം!' പിന്നീടാണ് ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സ് എന്ന നൂതന ആശയം കേരളത്തിൽ വേരുപിടിച്ചത്. ഇന്ന്, ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂളുകൾ മുതൽ പി.ജി. ലെവൽ വരെ ആർട്സ്, സയൻസ് കോഴ്സുകളും കമ്പ്യൂട്ടർ കോഴ്സുകൾ ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക കോഴ്സുകൾ നടത്തിയും സ്ഥാപനങ്ങൾ വളരെയേറെ വളർന്നു. ബഹുനില കെട്ടിട സമുച്ചയങ്ങളും ആധുനിക സൗകര്യങ്ങളുള്ള ഹോസ്റ്റലുകളും ഇന്ന് സ്വന്തമായുണ്ട്.

കാലം മാറി. സ്കൂൾ പഠനം ഭാരമേറിയതായി. റഗുലർ ക്ലാസുകൾക്കു ശേഷം ട്യൂഷനും ഹോംവർക്കുമൊക്കയായി പായുന്ന കുട്ടി 24 മണിക്കൂർ മതിയാകാതെ നെട്ടോട്ടമോടുകയാണ്.

ധൃതിപിടിച്ച് യൂനിഫോമിൽ കയറുന്നതിനിടയിൽ, ഭക്ഷണം ഉരുട്ടി വായിൽ വെക്കാൻ കുട്ടിയുടെ പുറകെ ഓട്ടമത്സരം നടത്തുന്ന ഉമ്മമാർ. രാവിലെ മദ്റസ, ട്യൂഷൻ, ഹോംവർക്ക് ഇതൊക്കെ കഴിഞ്ഞ് 8 മണിയോടെ ഷൂവിൽ കയറി കഴുത്തിലൊരു ടൈയുമായി ബസിൽ പാഞ്ഞുകയറിയശേഷം ദീർഘമായൊന്നു നിശ്വസിക്കുന്ന കുട്ടി. ഈ സാഹചര്യത്തിൽ, രാവിലത്തെ മദ്റസയിലേക്കുള്ള ഓട്ടം നിർത്തി, സ്കൂൾ പഠനത്തോടൊപ്പം മദ്റസാ

പഠനവും ലഭ്യമാകുന്ന സ്കൂളുകൾ ആരംഭിച്ചത് പുതിയ മാതൃകയും വിപ്ലവകരമായ ഒരു ചുവടുവെപ്പുകൂടിയായിരുന്നു. മദ്റസകൾക്ക് പ്രത്യേക സിലബസ്, പ്രത്യേക ബോർഡിനു കീഴിൽ, ഏകീകൃത പരീക്ഷാ സംവിധാനങ്ങൾ. സ്കൂൾ സമയത്തുതന്നെ മദ്റസാ വിഷയങ്ങളും പഠിപ്പിക്കുന്ന ആധുനിക രീതി. പക്ഷേ, വേണ്ടത്ര ഫലം കണ്ടോ?

മജ്‌ലിസിന്റെ ടെക്സ്റ്റുകൾ പഠിപ്പിക്കുന്നുണ്ടെങ്കിലും, വേണ്ടത്ര ശ്രദ്ധയോ പരിഗണനയോ മദ്റസാ വിഷയങ്ങൾക്ക് ഇത്തരം സ്കൂളുകളിൽ നൽകപ്പെടുന്നില്ല. 'ഖിറാഅത്തി'ന് പ്രത്യേക സമയമോ പീര്യഡോ ഇല്ല(രേഖയിലുണ്ട്, പ്രയോഗത്തിലില്ല). ഖുർആൻ കേവല പാരായണം മാത്രംപോരാ എന്നു പറഞ്ഞുതുടങ്ങിയ നാമിന്ന് അർഥം പഠിപ്പിക്കാനുള്ള വ്യഗ്രതയിൽ ഓതാൻ പഠിപ്പിക്കാൻ മറന്നു! സി.ബി.എസ്.ഇ വിദ്യാർഥികളുടെ ഇംഗ്ലീഷീകരിച്ച ഖുർആൻ പാരായണം പലപ്പോഴും അരോചകമായി തോന്നാറുണ്ട്.

ഈണത്തിൽ ഖുർആൻ പാരായണം ചെയ്യാനോ ആ വചനങ്ങളുടെ അർഥം മനസ്സിലാക്കാനോ ഉള്ള കഴിവ് ഒരു പത്താം ക്ലാസ് വിദ്യാർഥിക്ക് ലഭിക്കുന്നില്ലെങ്കിൽ ഭൗതിക ആത്മീയ വിദ്യാഭ്യാസ രീതികൾ സമന്വയിപ്പിക്കുക വഴി നാം ഉണ്ടാക്കിയെടുത്ത ക്രിയാത്മക മദ്റസാധ്യാപന രീതി എവിടെയോ കൈമോശം വന്നുപോയി എന്നല്ലേ അർഥം?

മനഃശാസ്ത്ര ചിന്തകരുടെ അഭിപ്രായത്തിൽ 14 വയസ്സിനുള്ളിലാണ് ഒരു കുട്ടിയിൽ ദൈവചിന്തയും ധാർമിക സദാചാര ബോധവും സൃഷ്ടിക്കപ്പെടുന്നത്. ആ അടിത്തറ അവന്റെ ആയുസ്സിലുടനീളം മായാതെ മങ്ങാതെ സ്വഭാവത്തിലും സംസ്കാരത്തിലും നിഴലിക്കും. ഇങ്ങനെയൊരു സംസ്കരണം നമ്മുടെ കുട്ടികൾക്ക് മദ്റസകളിൽനിന്ന് ലഭിക്കുന്നുണ്ടോ?

പ്രൊഫഷനൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉപരിപഠന കോഴ്സുകളിലേക്ക് തിരിയുന്ന ഇന്നത്തെ തലമുറക്ക് തിന്മകളിൽ സ്വന്തത്തെ കാത്തുസൂക്ഷിക്കാൻ കഴിയും, ചെറുപ്പത്തിൽ ശക്തമായ ഈമാനും തഖ്‌വയും വഴിഞ്ഞൊഴുകുന്ന മനസ്സ് സൃഷ്ടിക്കപ്പെടാൻ ഉപയുക്തമായ മദ്റസാ വിദ്യാഭ്യാസം അവർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ.

പഴയകാല പ്രസ്ഥാന മദ്റസകൾ ഈ ധർമം കൃത്യമായും പൂർണമായും നിർവഹിച്ചിരുന്നു. യൂണിഫോമിനുവേണ്ടി മാത്രം മുഖമക്കന അണിഞ്ഞവരായിരുന്നില്ല അന്നത്തെ പെൺകുട്ടികൾ. അതിന്റെ ആവശ്യകതയും ഉദ്ദേശ്യവും കൃത്യമായി മനസ്സിലാക്കി അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുതന്നെ ഇസ്ലാമിക വേഷവിധാനം സ്വീകരിച്ച അവർക്ക് അതുകൊണ്ടുതന്നെ അക്കാര്യത്തിൽ ഏറെ സൂക്ഷ്മതയും ഉണ്ടായിരുന്നു. മുടി അല്പം പോലും പുറത്തുകാണുന്നതും ബ്ലൗസിന്റെ കൈ അല്പംപോലും നീളം കുറയുന്നതും ഗുരുതരമായ വീഴ്ചയായി അവർ കരുതി. മുണ്ട് നിലത്തടിച്ചു നടക്കൽ പൈശാചികമാണെന്ന ഇസ്ലാമികാധ്യാപനം മനസാ വാചാ കർമണാ അംഗീകരിച്ചു ആൺകുട്ടികൾ. ഇസ്ലാമിക സ്ഥാപനത്തിൽനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർഥി, വിദ്യാർഥിനികൾക്കുപോലും വസ്ത്രധാരണയിൽ ഇത്രമാത്രം സൂക്ഷ്മതയുണ്ടോ എന്ന് സംശയമാണ്. നിലത്തിഴയുന്ന തരത്തിലുള്ള ടൈറ്റ് ജീൻസും ഷോർട്ട് ഷർട്ടും ശരീരവടിവ് വരച്ചു കാണിക്കുന്ന ചുരിദാറും (കൂടെ ഒരു സ്ലിറ്റും) തലമുടി അല്പമെങ്കിലും പുറത്തുകാണുന്ന മഫ്തയും കാലോചിതമായ മാറ്റങ്ങളായി നാം അംഗീകരിച്ചു. ഇസ്ലാമിക സ്ഥാപനങ്ങൾക്കകത്ത് ചില ചിട്ടവട്ടങ്ങൾക്കു നടുവിൽ, സൂക്ഷ്മത പാലിക്കാൻ നിർബന്ധിതരാകുന്ന നമ്മുടെ മക്കൾ പക്ഷേ, അങ്ങാടികളിലും കല്യാണാഘോഷ ചടങ്ങുകളിലും ഷോപ്പിംഗ് ഫെസ്റ്റിവലുകളിലും നടത്തുന്ന ഫാഷൻ പരേഡുകൾക്ക് ഒരു മഫ്തയുടെ പരിവേഷം നൽകി ഇസ്ലാമികവൽക്കരിക്കാൻ ശ്രമിക്കുന്നതുകാണുമ്പോൾ ലജ്ജയാണു തോന്നുക.

**ഹൈസ്കൂൾ പഠനം പൂർത്തിയാകുന്ന മുറക്ക് ഖുർആനിലും ഹദീസിലും പാണ്ഡിത്യം നേടുന്ന വിദ്യാർഥികളെ സൃഷ്ടിക്കാൻ മദ്റസാ സംവിധാനത്തിലും സമയത്തിലും മാറ്റം അനിവാര്യമാണ്. ഭാരമേറിയ സ്കൂൾ പഠന സംവിധാനം നിലനിൽക്കുന്ന ഇക്കാലത്ത്, സ്കൂൾ സമയവുമായി ലിങ്ക് ചെയ്താൽ മദ്റസാ പഠനം കാര്യക്ഷമമാവുകയില്ല.**

പണ്ട് മജ്‌ലിസിന്റെ മദ്റസകളിൽ പത്താം ക്ലാസുവരെ ഖുർആൻ അർഥസഹിതമുള്ള പഠനം നടന്നിരുന്നു. സൂറ *അൽബഖറ* ഉൾപ്പെടെ വലുതും ചെറുതുമായ അനവധി സൂറത്തുകൾ അർഥസഹിതം പഠിക്കുന്ന കുട്ടിക്ക്, പിന്നെ ഖുർആനിലെ ഏതൊരധ്യായവും ഓതുന്ന മുറക്കുതന്നെ മനസ്സിലാക്കാൻ കഴിയുമാറ് അറബിഭാഷാ പഠനവും കൂടുതൽ കാര്യക്ഷമമായി നടന്നിരുന്നു. ഇന്ന്, ഹൈസ്കൂൾ തലത്തിൽ പഠിപ്പിക്കുന്ന കടുകട്ടി ഇസ്ലാമിക സാഹിത്യങ്ങൾ മനസ്സിലാക്കാൻ സി.ബി.എസ്.ഇ, ഇംഗ്ലീഷ് മീഡിയം കുട്ടികൾ പാടുപെടുകയാണ്. മലയാളം പോലും നേരെ ചൊവ്വെ എഴുതാനും വായിക്കാനും ആശയം ഗ്രഹിക്കാനും അപ്രാപ്തരാണ് പബ്ലിക് സ്കൂളിലെ മിക്ക കുട്ടികളും. എന്നിരിക്കെ, ഈ സാഹിത്യ വായനകൊണ്ട് അവർക്കെന്തു പ്രയോജനം? ഹൈസ്കൂൾ പഠനം പൂർത്തിയാകുന്ന മുറക്ക് ഖുർആനിലും ഹദീസിലും പാണ്ഡിത്യം നേടുന്ന വിദ്യാർഥികളെ സൃഷ്ടിക്കാൻ മദ്റസാ സംവിധാനത്തിലും സമയത്തിലും മാറ്റം അനിവാര്യമാണ്. ഭാരമേറിയ സ്കൂൾ പഠന സംവിധാനം നിലനിൽക്കുന്ന ഇക്കാലത്ത്, സ്കൂൾ സമയവുമായി ലിങ്ക് ചെയ്താൽ മദ്റസാ പഠനം കാര്യക്ഷമമാവുകയില്ല.

പല നൂതന പദ്ധതികളും പരിഷ്കാരങ്ങളും കാലഘട്ടത്തിനനുസൃതമായി അവതരിപ്പിച്ച് വിജയിച്ച ഇസ്ലാമിക പ്രസ്ഥാനത്തിന് ഈ വിഷയത്തിലും ഒരു പുത്തൻ സമവാക്യം മുന്നോട്ടുവെച്ചുകൂടേ? രാവിലത്തെ സമയം ഒഴിവാക്കി ശനി, ഞായർ ദിവസങ്ങൾ, മറ്റ് പൊതു അവധി ദിനങ്ങൾ, ഓണം, ക്രിസ്മസ് അവധിക്കാലത്തെ അഞ്ചോ ആറോ ദിവസങ്ങൾ, ഏപ്രിൽ, മെയ് മാസങ്ങൾ എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ തന്നെ നിലവിലുള്ള സിലബസ് ഭംഗിയായി പഠിപ്പിക്കാൻ സമയം ധാരാളം. ഞായറാഴ്ചകളിലെ സാഹിത്യസമാജങ്ങൾ പുനഃസ്ഥാപിക്കുകയും ഖുർആൻ-ഹദീസ് പഠനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് സിലബസ് നവീകരണവും കൂടിയായാൽ വളരെ ഭംഗിയായി. മദ്റസയുടെ പരീക്ഷ മെയ് മാസത്തിലാക്കുക കൂടി ചെയ്താൽ സ്കൂൾ പഠന സമയത്തെ ഭാരവും കുറയും. മാത്രവുമല്ല, ഒരു ഏകീകൃത സ്വഭാവം മദ്റസാ ക്ലാസുകൾക്ക് ലഭിക്കുകയും ചെയ്യും. ഇങ്ങനെ പ്രവർത്തിക്കുന്ന ചുരുക്കം ചില മദ്റസകളെങ്കിലും കേരളത്തിലുണ്ട്. മജ്‌ലിസുത്തഅ്‌ലീമിൽ ഇസ്ലാമിയുടെ കീഴിലുള്ള സ്കൂളുകളിലെ (പ്രത്യേകിച്ചും പബ്ലിക് സ്കൂളുകൾ) മദ്റസാധ്യാപനത്തെക്കുറിച്ച് ഒരു അന്വേഷണം നടത്തിയാൽ മേൽപറഞ്ഞ വസ്തുതകൾ ബോധ്യമാകും. ■